**വന്യജീവിക്കുള്ള അതേ പദവിയോടെ വനത്തിനുള്ളിൽ വനവാസികളായ മനുഷ്യർക്കും സഹവസിക്കാൻ കഴിയുമെന്ന ആദിവാസി വനാവകാശത്തിന്റെ രാഷ്ട്രീയമാണ് മുത്തങ്ങ സമരം മുന്നോട്ട് വച്ചത്. വനനിയമങ്ങളുടെ അടിസ്ഥാനത്തിൽ എടുത്ത കേസുകളിൽ നിന്നെല്ലാം മുത്തങ്ങ സമരപ്രവർത്തകർ കുറ്റവിമുക്തരാക്കപ്പെട്ടതിലൂടെ അത് ഒന്നുകൂടി ഉറപ്പിക്കപ്പെട്ടിരിക്കുന്നു.**

**ഗീതാനന്ദൻ/കേരളീയം**

# വനാവകാശത്തെ നിർണ്ണയിച്ച മുത്തങ്ങ സമരം

**മുത്തങ്ങ സമരത്തിന്റെ ഭാഗമായി മുത്തങ്ങ വനത്തിൽ കുടിൽകെട്ടി സമരം ചെയ്തവർക്കെതിരെ വനംവകുപ്പ് എടുത്തിരുന്ന രണ്ട് പ്രധാന കേസുകൾ 2011 ആഗ്സ്റ്റ് രണ്ടിന് കോടതി തള്ളിയിരിക്കുന്നു. മുത്തങ്ങ സമരത്തിന്റെ അന്ത:സത്തയേയും ആദിവാസികളുടെ വനാവകാശത്തെയും മാനിക്കുന്ന സുപ്രധാന വിധിയായി ഇത് പരിഗണിക്കപ്പെടേണ്ടതല്ലേ? കോടതി വിധിയുടെ പശ്ചാത്തലത്തിൽ കുറ്റവിമുക്തമാക്കപ്പെട്ട മുത്തങ്ങ സമരം സർക്കാറിനോട് എന്താണ് ആവശ്യപ്പെടുന്നത്?**

2003 ഫെബ്രുവരി 19ന് ആണ് മുത്തങ്ങയിൽ നിന്നും ആദിവാസികളെ ബലപ്രയോഗത്താൽ പോലീസ് ഒഴിപ്പിച്ചത്. എഴുന്നൂറോളം വരുന്ന ആദിവാസികൾക്കെതിരെ വനംവകുപ്പുമായി ബന്ധപ്പെട്ട ആറ് കേസുകളാണ് അന്ന് എടുത്തിരുന്നത്. 1972ലെ വന്യജീവിസംരക്ഷണ നിയമത്തിന്റെയും 1980 ലെ വനസംരക്ഷണ നിയമത്തിന്റെയും പ്രധാനപ്പെട്ട വകുപ്പുകൾ പ്രകാരമാണ് ഈ ആറ് കേസുകൾ എടുത്തിരുന്നത്. വന്യജീവിസങ്കേതത്തിൽ അതിക്രമിച്ചുകടന്നു, മാരകായുധങ്ങളുമായി വന്യജീവിസങ്കേതത്തിൽ പ്രവേശിച്ച് അവിടെ നാശനഷ്ടമുണ്ടാക്കി, വന്യമൃഗങ്ങളെ വേട്ടയാടി, അനധികൃതമായി കുടിൽകെട്ടി തുടങ്ങിയവയായിരുന്നു ആദിവാസികൾക്കെതിരെ ആരോപിച്ച കുറ്റങ്ങൾ. 2003 ജനുവരിയിലാണ് വനംവകുപ്പ് ഈ കേസുകൾ എടുക്കുന്നത്.

മുത്തങ്ങ വന്യജീവിസങ്കേതത്തിന്റെ പല മേഖലകളിലായി കുടിൽ കെട്ടിയിരിക്കുന്നവർക്കെതിരെ ഗ്രൂപ്പ് തിരിച്ചാണ് ആറ് കേസുകൾ എടുത്തത്. സി.സി 192/2009 എന്ന കേസിൽ 237 പ്രതികൾ, സി.സി 206/2008 ൽ 72 പ്രതികൾ, സി.സി 205/2008 ൽ 63 പ്രതികൾ, സി.സി 204/2008 ൽ 59 പ്രതികൾ, സി.സി 413/04 ൽ 114 പ്രതികൾ, സി.സി 49/04 ൽ എട്ട് പ്രതികൾ എന്നിങ്ങനെ ആറ് കേസുകളാണ് സുൽത്താൻ ബത്തേരി ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ് മജിസ്ട്രേറ്റ് കോടതിയിൽ ചുമത്തപ്പെട്ടിരുന്നത്. ആദിവാസി സ്ത്രീകൾ ഉൾപ്പെടെയുള്ള 583 പേരാണ് ആ കേസുകളിൽ പ്രതിചേർക്കപ്പെട്ടിരുന്നത്. സ്ത്രീകളാണ് പല കേസുകളിലും കൂടുതൽ ഉണ്ടായിരുന്നത്. എട്ട് പ്രതികളുണ്ടായിരുന്ന സി.സി 49/04 എന്ന കേസ് 2006ൽ വിചാരണ നടത്തി തള്ളിയിരുന്നു. മാൻവേട്ട നടത്തി എന്ന ഒരു കള്ളക്കേസായിരുന്നു അത്. അങ്ങനെയൊരു സംഭവമേ നടന്നിട്ടില്ല എന്ന് കോടതിക്ക് ബോധ്യമായതിനെ തുടർന്ന് കേസ് തള്ളി. 114 പേർക്കെതിരെ ചുമത്തിയിരുന്ന സി.സി

413/04 എന്ന കേസാണ് 2011 സെപ്തംബർ മാസം കോടതി തള്ളിയിരിക്കുന്നത്. വന്യജീവി-വനം സംരക്ഷണ നിയമപ്രകാരം ആരോപിച്ചിട്ടുള്ള വലിയ കുറ്റങ്ങളെല്ലാം ആ കേസിലാണ് ഉണ്ടായിരുന്നത്. കേസ് തള്ളിക്കൊണ്ടുള്ള വിധി വളരെ പ്രധാനപ്പെട്ടതാണ്.

ആദിവാസികൾ കുടിൽ കെട്ടിയത് വന്യജീവിസങ്കേതമാണെന്നോ വനഭൂമിയാണെന്നോ തെളിയിക്കുന്നതിൽ വനം വകുപ്പ് പരാജയപ്പെട്ടു എന്നാണ് കോടതി പറഞ്ഞത്. വനം വകുപ്പ് കൊണ്ടുവന്ന രേഖകളിൽ തന്നെ അത് പ്ലാന്റേഷൻ എന്നാണ് കാണുന്നതെന്നും ബിർലയ്ക്ക് വേണ്ടി യൂക്കാലി പ്ലാന്റ് ചെയ്യാൻ 1983 – 84 കാലത്ത് കൊടുത്ത സ്ഥലമാണെന്ന് വ്യക്തമായതായും കോടതി പറഞ്ഞു. യൂക്കാലി കൺവേർഷൻ ഏരിയ എന്നാണ് വനംവകുപ്പ് ആ സ്ഥലത്തെ നാമകരണം ചെയ്തിരുന്നത്. 3500 സ്‌ക്വയർ കിലോമീറ്റർ ഏരിയയിൽ വരുന്ന വനഭൂമി വന്യജീവി സങ്കേതമായി നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും ആദിവാസികൾ കുടിൽ കെട്ടിയ സ്ഥലങ്ങളൊന്നും വനഭൂമിയാണെന്ന് തെളിയിക്കാൻ വനംവകുപ്പിന് കഴിഞ്ഞില്ല. മാത്രമല്ല, അവർ ആദിവാസികൾക്കെതിരെ ആരോപിച്ച കുറ്റങ്ങളൊന്നും തെളിയിക്കാൻ അവർക്ക് കഴിഞ്ഞില്ല. സി.സി 413/04, സി.സി 49/04 എന്ന രണ്ട് പ്രധാന കേസുകളും തള്ളിയ സാഹചര്യത്തിൽ മറ്റ് നാല് കേസുകൾ കൂടി പിൻവലിക്കണമെന്നാണ് ഞങ്ങൾ ഇപ്പോൾ ആവശ്യപ്പെടുന്നത്.

**മുത്തങ്ങയിൽ നിന്നും ബലപ്രയോഗത്താൽ കുടിയിറക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്നും പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്നും നിങ്ങൾ ആവശ്യപ്പെടുന്നതിന്റെ കാരണം?**

വനംവകുപ്പുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാമെന്ന് ആന്റണി മന്ത്രിസഭയ്ക്ക് ശേഷം വന്ന ഉമ്മൻചാണ്ടി സർക്കാർ ഉറപ്പ് നൽകിയിരുന്നു. എന്നാൽ അപ്പോഴേക്കും സർക്കാർ മാറി. തുടർന്ന് വന്ന എൽ.ഡി.എഫ് സർക്കാർ കേസുകൾ പിൻവലിക്കുന്നതിന് പകരം നാല് കേസുകളിൽ കൂടി കുറ്റപത്രം കൊടുക്കുകയാണ് ചെയ്തത്. ആ കേസുകളിലെല്ലാം സമാനമായ കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത് എന്നതിനാൽ കോടതിയുടെ സമയം വെറുതേ കളയാതെ കേസുകൾ പിൻവലിച്ച് മുത്തങ്ങയിൽ നിന്നും കുടിയിറക്കപ്പെട്ടവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകണം. അവരുടെ കുടിലുകളും വീട്ടുസാധനങ്ങളും വസ്ത്രങ്ങളുമെല്ലാം അന്ന് കത്തിച്ചുകളഞ്ഞിരുന്നു. മർദ്ദനത്തെ തുടർന്ന് നിരവധിപേർക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അതിനെല്ലാം നഷ്ടപരിഹാരം നൽകാൻ സർക്കാറിന് ബാധ്യതയുണ്ട്.

**മുത്തങ്ങയിൽ ആദിവാസികൾ കയ്യേറിയത് വനഭൂമിയാണെന്നും വനനശീകരണത്തിന് ആദിവാസികളുടെ കുടിയേറ്റം കാരണമാകുമെന്നും ഒരുവിഭാഗം പരിസ്ഥിതി പ്രവർത്തകർ വാദിച്ചിരുന്നല്ലോ. ആ പ്രദേശം വനമാണെന്ന് തെളിയിക്കുന്നതിൽ വനംവകുപ്പ് വസ്തുതാപരമായി പരാജയപ്പെട്ട സാഹചര്യത്തിൽ മുത്തങ്ങ സമരത്തെ തള്ളിപ്പറഞ്ഞവർക്കുള്ള മറുപടി കൂടിയായി ഈ കോടതി വിധി മാറുന്നില്ലേ?**

മുത്തങ്ങയിൽ ആദിവാസികൾ കയ്യേറിയത് വന്യജീവി സങ്കേതമാണ്, വനഭൂമിയാണ്, ആദിവാസികൾ കുടിലുകെട്ടി താമസിക്കാൻ പാടില്ലാത്ത സ്ഥലമാണ് എന്നതായിരുന്നു അന്നത്തെ പ്രധാനവിവാദം. ചില പരിസ്ഥിതിപ്രവർത്തകർ അതിന്റെ പേരിൽ സുപ്രീംകോടതി ഉന്നതാധികാര സമിതിയെ സമീപിക്കുകയും സമിതിയുടെ ഒരു കത്ത് മുഖ്യമന്ത്രിക്ക് വരുകയും ചെയ്ത സാഹചര്യത്തിലാണ് കുടിയൊഴിപ്പിക്കലും പോലീസ് ആക്ഷനും അന്ന് മുത്തങ്ങയിലുണ്ടായത്. സുപ്രീം കോടതി ഉന്നതാധികാര സമിതിയേയും കേരള മന്ത്രിസഭയേയും വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകി വനംവകുപ്പ് തെറ്റിധരിപ്പിച്ചു എന്നാണ് ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ കോടതി വിധിയിൽ നിന്നും വ്യക്തമായിരിക്കുന്നത്.

കോടതിവിധി വന്ന ശേഷവും പഴയ വാദത്തിൽ തന്നെയാണ് ആ പരിസ്ഥിതി ഗ്രൂപ്പുകൾ ഇപ്പോഴും നിൽക്കുന്നത്. സർക്കാർ അപ്പീലിന് പോകണമെന്നാണ് അവർ പറയുന്നത്. വനാവകാശ നിയമത്തെക്കുറിച്ചും ആദിവാസികളുടെ പരമ്പരാഗത അവകാശങ്ങളെക്കുറിച്ചും അവർ അജ്ഞരാണെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആദിവാസികളുടെ മുത്തങ്ങ മേഖലയിലുള്ള സാന്നിധ്യം ഇല്ലാതാക്കേണ്ട ആവശ്യമുണ്ടായിരുന്ന ചില മാഫിയകളാണ് ആ വാദത്തിന്റെയെല്ലാം പിന്നിലുണ്ടായിരുന്നത്. ഈ വിധിയുടെ ചരിത്രപരമായ പ്രാധാന്യവും അതാണ്. അന്നുചെയ്ത തെറ്റുകൾക്ക് രാഷ്ട്രീയവും ധാർമ്മികവുമായ തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്യേണ്ട ബാധ്യത സിവിൽസമൂഹത്തിനുണ്ട്.

**മുത്തങ്ങ സമരം നടക്കുന്ന സമരത്ത് വനഭൂമിയിൽ കുടിയേറിയ ആദിവാസികൾക്ക് പരമ്പരാഗത വനാവകാശമുണ്ടെന്ന് സമരപ്രവർത്തകർ പറഞ്ഞിരുന്നു. 2006 ൽ നിലവിൽ വന്ന വനാവകാശ നിയമം പരമ്പരാഗത വനാവകാശം എന്ന ആദിവാസികളുടെ അവകാശത്തിന് നിയമപരിരക്ഷ നൽകുകവഴി മുത്തങ്ങ സമരത്തെ അംഗീകരിച്ചിരിക്കുകയാണോ ചെയ്തിരിക്കുന്നത്?**

മുത്തങ്ങയിൽ കുടിൽകെട്ടി താമസിക്കാൻ തുടങ്ങുമ്പോൾ അവർക്ക് പരമ്പരാഗതമായ വനാവകാശം ഉണ്ട് എന്ന വാദഗതിതന്നെയാണ് ആദിവാസികൾ ഉന്നയിച്ചത്. 1942ൽ ബ്രിട്ടീഷ് ഭരണകാലത്ത് ഇന്നത്തെ മുത്തങ്ങ റെയ്ഞ്ചിന്റെ ഭാഗമായുള്ള മാവിനഹള്ള എന്ന പ്രദേശം സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു ഉത്തരവിറങ്ങിയിട്ടുണ്ട്.

ആ മേഖലയിൽ അധിവസിക്കുന്ന ആദിവാസി വിഭാഗങ്ങളായ കാട്ടുനായ്ക്കർ, വേട്ടക്കുറുമർ എന്നീ വനവാസികളെ ഒഴിപ്പിച്ചുമാറ്റി പാർപ്പിക്കണമെന്ന് അന്നത്തെ സർക്കാർ ഉത്തരവിൽ പ്രത്യേകം പറയുന്നുണ്ട്. ആദിവാസികൾക്ക് വനത്തിൽ പരമ്പരാഗത അവകാശമുണ്ടെന്നായിരുന്നു ആ ഉത്തരവും വ്യക്തമാക്കുന്നത്. വനാവകാശ നിയമവും അതിനാണ് ഊന്നൽ നൽകുന്നത്. വന്യജീവിക്കുള്ള അതേ പദവിയോടെ വനത്തിനുള്ളിൽ വനവാസികളായ മനുഷ്യർക്കും സഹവസിക്കാൻ കഴിയും എന്ന അടിസ്ഥാന കാര്യമാണ് വനാവകാശ നിയമം മുന്നോട്ട് വയ്ക്കുന്നത്. മനുഷ്യനും വന്യജീവികളും ജൈവവനത്തിന്റെ ശത്രുക്കളല്ലെന്നും അവർക്ക്



ഗീതാനന്ദനും സി.കെ. ജാനുവും വയനാട്ടിലെ ആദിവാസിക്കോളനിയിലെ കുട്ടികളോടൊപ്പം ഫോട്ടോ: വിഷ്ണുഹരി

സഹവസിക്കാൻ കഴിയുമെന്നുമുള്ള അടിസ്ഥാന അറിവ് നഷ്ടമായതുകൊണ്ടാണ് വനനശീകരണമുണ്ടായത്. വനം വകുപ്പ് പോലെയുള്ള ഏജൻസികളാണ് സഹവാസത്തിന്റെ സാധ്യതകൾ ഒരുകാലത്ത് നശിപ്പിച്ചുകളഞ്ഞത്. മുത്തങ്ങ സമരം മുന്നോട്ട് വച്ച രാഷ്ട്രീയവും ആദിവാസികളുടെ വനാവകാശത്തെക്കുറിച്ചുള്ള രാഷ്ട്രീയമായിരുന്നു. സ്വതന്ത്രാധികാരമുള്ള ഗ്രാമസഭകൾ രൂപപ്പെടുത്തുന്നതിലൂടെ പരിസ്ഥിതി പുന:സ്ഥാപനത്തിനായുള്ള പ്രവർത്തനങ്ങൾ മുത്തങ്ങയിൽ അന്ന് ആദിവാസികൾ ആരംഭിച്ചിരുന്നു. മനുഷ്യാവകാശ പ്രശ്നമായാണ് കേരളത്തിൽ മുത്തങ്ങ സമരം അവതരിപ്പിക്കപ്പെട്ടതെങ്കിലും ദേശീയ-അന്തർദേശീയ തലത്തിൽ വനാവകാശത്തെക്കുറിച്ചുള്ള ചർച്ചകൾ മുന്നോട്ടുവച്ചത് തന്നെയാണ് മുത്തങ്ങ സമരത്തിന്റെ പ്രാധാന്യമായി പരിഗണിക്കപ്പെടുന്നത്.

**ആദിവാസികളുടെ വനാവകാശത്തെ കേരളത്തിലെ രാഷ്ട്രീയപാർട്ടികൾ എങ്ങനെയാണ് സമീപിക്കുന്നത്? മുത്തങ്ങപോലെയുള്ള ജനകീയ മുന്നേറ്റത്തിനെ ഒളിഞ്ഞും തെളിഞ്ഞും എല്ലാ പാർട്ടികളും ആക്രമിച്ചിട്ടുണ്ടല്ലോ?**

മുത്തങ്ങയിലെ ആദിവാസികളോട് തികഞ്ഞ വിവേചനം കാണിച്ചത് ഇടതുസർക്കാറാണ്. മുത്തങ്ങ സമരം നടന്ന കാലത്ത് സി.പി.എമ്മിന്റെ ആദിവാസി സംഘടനയായ എ.കെ.എസ്സി(ആദിവാസി ക്ഷേമ സമിതി)ന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ മുപ്പതിലധികം സ്ഥലങ്ങളിൽ കയ്യേറ്റം നടത്തിയിരുന്നു. അതെല്ലാം വനഭൂമിയായിരുന്നു. പലതും വന്യജീവി സങ്കേതത്തിന്റെ ഭാഗവും. മുത്തങ്ങ സമരത്തെ പൊളിക്കാൻ നടത്തിയ ഒരു നീക്കമായിരുന്നു അത്. ആന്റണി സർക്കാറിന്റെ കാലത്ത് മുത്തങ്ങയിൽ കുടിൽകെട്ടിയ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയ ഭൂമിയായിരുന്നു അത് എന്നതാണ് അതിലെ ചതി.

സുപ്രീംകോടതിയുടെ പരിഗണനയിൽ ആ വിഷയം നിലനിൽക്കുമ്പോഴാണ് എ.കെ.എസ് ആ ഭൂമിയിൽ കയ്യേറ്റം നടത്തിയത്. 2006 ൽ വനാവകാശ നിയമം വന്നതോടെ ആ കയ്യേറ്റക്കാർക്ക് ഭൂമിയിൽ നിയമപരമായ അധികാരം സർക്കാർ കൊടുത്തു. വന്യജീവിസങ്കേതകേന്ദ്രങ്ങളിൽ കുടിയേറിയിട്ടും അവരൊന്നും അന്ന് ഒഴിപ്പിക്കപ്പെട്ടില്ല. മുത്തങ്ങ റെയ്ഞ്ചിൽ മാത്രമാണ് ഒഴിപ്പിക്കൽ നടന്നത്. സ്വതന്ത്രമൂവ്മെന്റുകളെ കശാപ്പുചെയ്യുക എന്ന രാഷ്ട്രീയതന്ത്രം തന്നെയായിരുന്നു അതിന് പിന്നിലുണ്ടായിരുന്നത്. മുത്തങ്ങയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും സർക്കാറിന് തീർച്ചയായും ബാധ്യതയുണ്ട്. അതിനുള്ള ഒരു പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം.

3500നും 4000നും ഇടയിലുള്ള ആളുകളെയാണ് വനാവകാശം നൽകുന്നതിനായി വയനാട് ജില്ലയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിരുന്നത്. വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൽ.ഡി.എഫ് സർക്കാർ ആദ്യം ചെയ്തത് ഈ കയ്യേറ്റക്കാർക്ക് ഭൂമി നൽകുകയായിരുന്നു.

**പെസ (Panchayat Extension to the Scheduled Areas (PESA) Act - 1996) കൂടി നടപ്പിലാക്കുമ്പോൾ മാത്രമേ വനാവകാശ നിയമത്തിന്റെ**

**ഉള്ളടക്കം ചോരാതെ ആദിവാസികളുടെ അവകാശം എന്നത് പ്രായോഗികമാക്കാൻ കഴിയൂ എന്ന് താങ്കൾ പറയുന്നതിന്റെ അടിസ്ഥാനമെന്താണ്?**

ആദിവാസികളുടെ ജീവിതപരിസരത്തെ ഗ്രാമസഭകളായി പരിഗണിക്കണം എന്നതാണ് ആക്ടിൽ പറയുന്ന പ്രധാനകാര്യം. ഗ്രാമസഭകളുടെ രൂപം എന്താകണം എന്നതിനെക്കുറിച്ച് പറയുന്നതിൽ ഫിഫ്ത്ത് ഷെഡ്യൂളിൽ ഉൾപ്പെടുത്തി പെസ ആക്ട് നടപ്പിലാക്കിയതിന് ശേഷമുള്ള ഗ്രാമസഭകൾ എന്ന് പറയുന്നുണ്ട്. കേരളത്തിലെ സാഹചര്യത്തിൽ രാഷ്ട്രീയപരമായി ആദിവാസികൾക്ക് ഉചിതമാകുന്നത് ആ ഗ്രാമസഭയാണ്. എന്നാൽ രാഷ്ട്രീയ പാർട്ടികളും സർക്കാറുകളും ആദിവാസി മേഖലയിൽ അത്തരമൊരു ഗ്രാമസഭ രൂപപ്പെടുന്നതിനെ അംഗീകരിക്കുന്നില്ല. കുറെ വാദപ്രതിവാദങ്ങൾക്ക് ശേഷമാണ് കേരളത്തിലെ ആദിവാസി ഊരുക്കൂട്ടങ്ങളെ ഗ്രാമസഭകളായി പരിഗണിക്കാൻ സർക്കാർ തയ്യാറാകുന്നത്. പെസ ആക്ടിന്റെ അന്ത:സത്തയിലേക്ക് എത്താൻ ഊരുക്കൂട്ടങ്ങളെ ഗ്രാമസഭകളായി പരിഗണിച്ചാലും മതി. എന്നാൽ വനാവകാശം അംഗീകരിക്കുന്നുണ്ടെങ്കിലും കൈവശരേഖ കൊടുക്കൽ എന്ന നടപടി മാത്രമാണ് ഇവിടെ നടക്കുന്നത്. കുടികിടപ്പ് രേഖകളായി അവരുടെ അവകാശം ചുരുക്കപ്പെട്ടു. ഗ്രാമസഭകളുടെ സ്വതന്ത്രാധികാരം എന്ന തരത്തിൽ വരുമ്പോഴാണ് വനാവകാശ നിയമത്തിൽ പറയുന്ന ആദിവാസികളുടെ അവകാശങ്ങളും കടമകളും ഉറപ്പാക്കപ്പെടുകയുള്ളൂ. വനാവകാശ നിയമത്തിന്റ സത്ത ആ അർത്ഥത്തിൽ കേരളത്തിൽ നടപ്പിലാക്കപ്പെട്ടിട്ടില്ല.

ദേശീയ നിയമത്തിനൊപ്പം കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ മറ്റൊരു നിയമംകൂടി വേണ്ടതല്ലേ എന്ന ചോദ്യവും വനാവകാശ നിയമവുമായി ബന്ധപ്പെട്ട് ഉയർന്ന് വരുന്നുണ്ട്. ഊരുക്കൂട്ടങ്ങളുടെ അധികാരപരിധിയിൽ വരുന്ന വനം എത്രയെന്ന് മാപ്പുചെയ്യപ്പെടുകയും അത് ഗ്രാമസഭയായി അംഗീകരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് വനാവകാശ നിയമത്തിന്റെ സത്ത ചോരാതെ അത് നടപ്പിലാക്കാൻ കഴിയുന്നത്. ആദിവാസി ഗ്രാമസഭകളുടെ അധികാരത്തെക്കുറിച്ചാണ് വനാവകാശ നിയമം സംസാരിക്കുന്നത്. വനം സംരക്ഷിക്കുന്നതിലുള്ള ആദിവാസികളുടെ ബാധ്യതയെക്കുറിച്ചാണ് നിയമത്തിന്റെ ഏറിയപങ്കും പറയുന്നത്. ആ ബാധ്യത നിറവേറ്റപ്പെടണമെങ്കിലും ഗ്രാമസഭകളുടെ അധികാരം എന്നത് പ്രധാനമാണ്.

ഇതെല്ലാം പരിഗണിക്കുമ്പോൾ വനാവകാശത്തിന്റെ കാര്യത്തിൽ കേരളം ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. പെസ ആക്ട് കൂടി പരിഗണിച്ചുകൊണ്ട് ആ മുന്നോട്ട്പോകലിന് വ്യക്തമായ രൂപമുണ്ടാക്കേണ്ടിയിരിക്കുന്നു. ഭൂവിതരണമേള നടത്താനുള്ള പരിപാടിയായി വനാവകാശത്തെ പരിഗണിക്കരുത്. ഭൂരഹിതരുടെ പുനരധിവാസവും ആദിവാസി വനാവകാശവും രണ്ടാണ്. അത് രണ്ടും കൂട്ടിക്കുഴയ്ക്കരുത്.


**കേരളീയം**

## ഗാന്ധിയൻ പ്രത്യേകലക്കം, 2012 ഫെബ്രുവരിയിൽ

**ഗസ്റ്റ് എഡിറ്റർ: സണ്ണി പൈകട**

**നിർദ്ദേശങ്ങൾ: ഡോ. കെ. അരവിന്ദാക്ഷൻ**

ഭരണകൂടഹിംസയ്ക്കെതിരെ ലോകത്തെമ്പാടും ഇന്ത്യയിലും നിരവധി അഹിംസാത്മക പോരാട്ടങ്ങൾ നടക്കുന്നുണ്ടല്ലോ. സമരമാർഗ്ഗങ്ങൾ എന്ന നിലയിൽ ഗാന്ധിജി മുന്നോട്ട് വച്ച അഹിംസയും സത്യാഗ്രഹവും നിയമലംഘനവും നിസ്സഹകരണവും ബഹിഷ്കരണവും എത്രത്തോളം ഈ സമരങ്ങളെ പ്രചോദിപ്പിക്കുന്നുണ്ട്? സമരത്തിന്റെ നാൾവഴികളിൽ ഗാന്ധിയൻ സമരമാർഗ്ഗങ്ങൾ അവർ എത്രത്തോളം പ്രയോഗിച്ചിട്ടുണ്ട്? ആ മാർഗ്ഗങ്ങളെ എങ്ങനെയെല്ലാം കാലികമായി പരിഷ്കരിച്ചിട്ടുണ്ട്?

**മേധാ പട്കർ, ഇറോം ശർമ്മിള, അഡ്വ. പ്രശാന്ത് ഭൂഷൺ, നാരായൺ ദേസായി, സന്ദീപ് പാണ്ഡെ, ഗോപാലകൃഷ്ണ ഗാന്ധി, ഡോ. എം. ഗംഗാധരൻ, ഇ.വി. രാമകൃഷ്ണൻ, കെ. വേണു...**

ഗാന്ധിയിലൂടെ കടന്നുപോയ ഞാൻ –
**പ്രശസ്തരും അപ്രശസ്തരും ഗാന്ധിയൻ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു**

ഗാന്ധിയൻ തത്വങ്ങളുടെ പ്രചാരണത്തിലും പ്രയോഗത്തിലും പുനരാവിഷ്കാരങ്ങളിലും ഗാന്ധിയൻ സംഘടനകൾക്ക് എത്രമാത്രം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട് ?

നിങ്ങൾക്കും എഴുതാം, പ്രതികരിക്കാം?... മാറ്ററുകൾ ഫെബ്രുവരി 8 നകം അയയ്ക്കുക.

**വിലാസം: കേരളീയം, കൊക്കാലെ, തൃശൂർ – 21. email: mailkeraleeyam@gmail.com**